மாநில ஆட்சிமொழி
(State Official Language)

422 *[443] ஸ்ரீ. என். கிட்டப்ப நாராயணஸ்வாமி : கீழ் காணும் விஷயங்களுக்கு முதன் மந்திரி தயைகூர்ந்து விடை நல்குவாரா :

(எ) நமது மாநிலத்தில் மலையாளத்தை ஆட்சி மொழி ஆக்கும் பணி எந்த நிலையிலுள்ளது;

(பி) இவ்வாறு மலையாளத்தை ஆட்சி மொழியாக்கும் போது, மொழிச்சிறுபான்மை மக்கள், அரசு அலுவலர்கள் நலனைப் பாதுகாக்க அரசு என்னவெல்லாம் நடவடிக்கைகள் எடுத்துள்ளது எனக் கூறமுடியுமா ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻനായർ): (എ) 1978 മുതൽ 1982 വരെയുള്ള അഞ്ചു വർഷംകൊണ്ടു സംസ്ഥാനത്തിലെ രേണ മണ്ഡലത്തിന്റെ വിവിധ തലങ്ങളിൽ മലയാളം ഔദ്യോഗിക ഭാഷയാക്കുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് 1978 ആഗസ്റ്റ് 1 മുതൽ ഒരു പരിപാടി നടപ്പിലാക്കിവരികയാണ്. ഈ പരിപാടിയനുസരിച്ച് 1978-79 അവസാനമാകുമ്പോഴേക്കും വില്ലേജ് തലത്തിൽ തുടങ്ങി താലൂക്കു തലം വരെയുള്ള എല്ലാ ആഫീസുകളിലും ഔദ്യോഗിക സ്ഥാപനങ്ങളിലും കോടതികളിലും ഔദ്യോഗിക ഭാഷ മലയാളമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്.

(ബി) 1969-ലെ ഔദ്യോഗിക ഭാഷാ ആക്റ്റിൽ ഇപ്പോഴും തന്നെ ഭാഷാന്യൂനപക്ഷങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതനുസരിച്ചു ഭാഷാ ന്യൂനപക്ഷങ്ങൾക്കു അവരുടെ ഭാഷയിൽതന്നെ ഗവൺമെന്റുമായി കത്തിടപാടുകൾ നടത്തുന്നതിനും മറുപടി ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളിൽ പെടുന്ന സർക്കാർ ജീവനക്കാരുടെ താൽപ്പര്യം മറ്റുള്ള ജീവനക്കാരുടേതിൽനിന്നും വ്യത്യസ്തമായി ഗവൺമെന്റ് കരുതുന്നില്ല. അതുകൊണ്ട് അവർക്കുവേണ്ടി പ്രത്യേകം നടപടികളെടുക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. കിട്ടപ്പ നാരായണസ്വാമി: ഔദ്യോഗിക ഭാഷ മലയാളമാക്കുമ്പോൾ തമിഴുഭാഷ ഉപഭാഷയായി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: തമിഴ് ഭാഷ ഉപഭാഷയായി സ്വീകരിക്കാൻ സാദ്ധ്യമല്ല. തമിഴ് ന്യൂനപക്ഷപ്രദേശങ്ങളിലുള്ള ആഫീസിൽ തമിഴിൽ കത്തിടപാടുകൾ നടത്താനുള്ള സൗകര്യം ഉണ്ടാകും. തമിഴ് സംസാരിക്കുന്ന ആളുകൾക്കു തമിഴിൽ കത്ത് അയയ്ക്കാനും മറുപടി അയയ്ക്കാനും ഏർപ്പാടുണ്ട്.

ശ്രീ. കിട്ടപ്പ നാരായണസ്വാമി: ദേവികുളം, പീരുമേട്, ഉടുമ്പൻചോല എന്നീ മലംപ്രദേശങ്ങളിൽ തമിഴ് അറിയാവുന്നവരാണ് കൂടുതലായി താമസിക്കുന്നത്. ആ പ്രദേശങ്ങളിൽ തമിഴ് അറിയാവുന്ന ഉദ്യോഗസ്ഥൻമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വാസുദേവൻ നായർ: ആഫീസുകളിലെ കത്തിട പാടുകളെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അവിടെ നിയമി ക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് തമിഴ് അറിയണമെന്ന ഒരു നിബ ന്ധന വയ്ക്കാൻ ബുദ്ധിമുട്ട് ഉണ്ടാകും. അങ്ങോട്ട് ഉദ്യോഗ സ്ഥൻമാരെ പോസ്റ്റു ചെയ്യുമ്പോഴും ഈ കാര്യം ഗവൺമെൻറ് ശ്രദ്ധിക്കുന്നതാണ്.

ശ്രീ. ഇ. പി. ഗോപാലൻ: സംസ്ഥാനത്തെ രണ്ട് ന്യൂനപക്ഷ ഭാഷയാണ് തമിഴും കർണ്ണാടകവും. അതാത് പ്രദേശത്ത് തമിഴും കർണ്ണാടകവും അറിയുന്ന ഉദ്യോഗസ്ഥൻമാർ ധാരാളം ഉള്ള സ്ഥിതിക്ക് അതു പരിശോധിച്ച് ആകാവുന്നിടത്തോളം അത്തരക്കാരായ ആളുകളെ അതാതു സ്ഥലങ്ങളിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: പി. എസ്. സി. റിക്രൂട്ട് മെൻറനുസരിച്ചു വരുന്നവരിൽ നിന്നേ അങ്ങോട്ട് നിയമിക്കാനാകുക യുള്ളൂ. ഇത് മാത്രമല്ല പരിഗണിക്കുന്നത്. ഉദ്യോഗസ്ഥൻമാരെ വേറെ സ്ഥലത്തേക്ക് പോസ്റ്റ് ചെയ്യുന്നതിന് വേറെയും പരിഗണന യുണ്ട്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ന്യൂനപക്ഷ പ്രദേശങ്ങളിൽ ഉദ്യോഗസ്ഥൻമാരെ പോസ്റ്റു ചെയ്യുമ്പോഴും അതാതു സ്ഥലത്തെ ഭാഷ അറിയാവുന്നവരെ അങ്ങോട്ട് നിയമിക്കുന്നതിന് ശ്രമിക്കാം.

ശ്രീ. പി. കരുണാകരൻ: ഭരണഭാഷ മലയാളമാക്കുന്നതിന് ഘട്ടം ഘട്ടമായുള്ള പ്രവർത്തനം നടക്കുന്നുണ്ടെന്ന് പറഞ്ഞു. ഇതിൻറെ മുന്നോടിയായിട്ട് നിയമനിർമ്മാണപ്രവർത്തനം മലയാളത്തിൽ ആക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അതിനുള്ള പ്രാരംഭം തുട ങ്ങിയിട്ടുണ്ട്. ഈ സഭയിൽത്തന്നെ നമ്മളെല്ലാം ദൃക്സാക്ഷികളാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: ആദിവാസികളും ധാരാളമായി താമ സിക്കുന്ന അട്ടപ്പാടി പ്രദേശത്ത് ബഹുഭൂരിപക്ഷം തമിഴരാണുള്ളത്. അവിടെ ഒരു തമിഴ് സ്കൂൾ പോലുമില്ല. അദ്ധ്യാപകൻമാർ മുഴു വൻ മലയാളമാണ് പറയുന്നത്. അവർ പറയുന്നത് മിക്കവാറും മനസ്സിലാകുകയില്ല. ഈ പരിതഃസ്ഥിതി കണക്കിലെടുത്ത് തമിഴ് സ്കൂളുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: അവിടെ തമിഴ് സ്കൂൾ തുടങ്ങാനുള്ള ജസ്റ്റിഫിക്കേഷൻ പൂർണ്ണമായിട്ടുണ്ടോയെന്ന് പരിശോ ധിക്കേണ്ടതായിട്ടുണ്ട്. അത് പരിശോധിക്കാം. അതേ സമയത്ത് ഇന്ന് നിലവിലിരിക്കുന്ന സ്കൂളുകളിൽ ഇത്ര ശതമാനം, പതിനഞ്ച് ശതമാനമെന്നാണ് എൻറെ ഓർമ്മ, പതിനഞ്ച് ശതമാനമെങ്കിലും തമിഴ് സംസാരിക്കുന്ന വിദ്യാർത്ഥികളുണ്ടെങ്കിൽ അവർക്കുവേണ്ടി പ്രത്യേക ക്ലാസ് നടത്താനും അതിനുള്ള അദ്ധ്യാപകരെ നിയമി ക്കാനും വ്യവസ്ഥയുണ്ട്. അതില്ലെങ്കിൽ നടപടി സ്വീകരിക്കാവു ന്നതാണ്.

ശ്രീ. എം. വി. രാഘവൻ: ഔദ്യോഗിക ഭാഷ മലയാളമാണെന്നും ഇംഗ്ലീഷിൽ ഭരണം നടത്തുന്ന സ്ഥിതി മാറിവരുന്നുണ്ടെന്നും പറഞ്ഞു. വനോൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്ന ബില്ല് മലയാളത്തിൽ കൊണ്ടുവന്നതിനെ ഉദ്ദേശിച്ചായിരിക്കും പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ സ ഥിതി എന്താണെന്ന് അറിയാം. കമ്മീറ്റികളിലും മറ്റു മുള്ള ഇംഗ്ലീഷ് ഭരണം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരി ക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ബഹുമാനപ്പെട്ട മെമ്പറുടെ വികാരത്തോട് പൂർണ്ണമായും യോജിക്കുന്നു. ഈ കാര്യത്തിൽ സത്വര മായ, വേഗത്തിലുള്ള നടപടി സ്വീകരിക്കണം. അതിനുള്ള ശ്രമമാണ് ഇപ്പോഴും നടത്തുന്നത്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: ഔദ്യോഗിക ഭാഷ മലയാളമാക്കുന്ന തിന് നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നു എന്നു പറയുകയു ണ്ടായി. അദ്ധ്യയന മാദ്ധ്യമം കോളേജു ക്ലാസുകളിലും മെഡിക്കൽ കോളേജുകളിലും മലയാളമാക്കുന്നതിനെ സംബന്ധിച്ച് എതിർപ്പുണ്ടാ യത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ആ എതിർപ്പിന്റെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇംഗ്ലീഷ് തുടരണ മെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നത്. ഏതായാലും ഈ രാജ്യത്ത് സ്വീകരിച്ചിട്ടുള്ള നയങ്ങൾക്കെല്ലാം അത് എതിരാണ്. അതു കൊണ്ട് അതു സ്വീകരിക്കാൻ നിവർത്തിയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തമിഴ് ന്യൂനപക്ഷങ്ങൾ കൂടുതൽ താമസിക്കുന്ന ഇടുക്കി ജില്ലയിൽ അവിടത്തെ കളക്ടറേറ്റിൽ ഗവൺ മെന്റ് പ്രസിദ്ധീകരിക്കുന്ന ഭൂമിപതിവിനുള്ള ഫാറവും മറ്റും തമിഴിൽ കൂടി കിട്ടുന്നതിനു വല്ല ഏർപ്പാടും ഉണ്ടാക്കിയിട്ടുണ്ടോ? അവർക്ക് അത് മനസ്സിലാക്കാൻ വേണ്ടി മറ്റു കളക്ടറേറ്റുകളിൽ നിശ്ചയിച്ചിട്ടുള്ള തുപോലെ തമിഴ് സംസാരിക്കുന്ന ഉദ്യോഗസ്ഥൻമാരെ അവിടെ പ്രത്യേകമായി നിശ്ചയിക്കാൻ ഗവൺമെന്റ് വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കൊടുക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം പരിശോധിക്കാം.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: കർണ്ണാടക ഭാഷ അറിയാത്ത മലയാളികളായ ഉദ്യോഗസ്ഥൻമാരെ ഭാഷാ ന്യൂനപക്ഷങ്ങൾ താമസി ക്കുന്ന കർണ്ണാടക പ്രദേശത്തേക്ക് സ്ഥലംമാറ്റം ചെയ്യപ്പെടുകയും അതു പോലെ തന്നെ മലയാളം എഴുതാനും വായിക്കാനും അറിയാത്ത കർണ്ണാടകക്കാരായ ഉദ്യോഗസ്ഥൻമാരെ മലയാള പ്രദേശത്തേക്ക് പ്രത്യേകിച്ച് പഞ്ചായത്തു ഡിപ്പാർട്ടുമെന്റുപോലുള്ള ഡിപ്പാർട്ടു മെന്റിൽ ബിൽ കളക്ടറായും മറ്റും സ്ഥലം മാറ്റം ചെയ്യപ്പെടുന്ന തിന്റെ ഫലമായി അവരുടെ പ്രവർത്തി ശരിയായി നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിൽ നിവേ ദനം സമർപ്പിച്ചിട്ടുണ്ട്. അതേ സംബന്ധിച്ച് പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഇവിടെ ഇത്തരം ചോദ്യം ചോദിച്ചു കഴിഞ്ഞു. ഭാഷാ ന്യൂനപക്ഷങ്ങൾ ഉള്ള പ്രദേശത്തു കഴിയു ന്നത്ര ആ ഭാഷ അറിയാവുന്നവരെ നിയമിക്കണമെന്നു പറഞ്ഞു. അതിനും ചില പരിമിതികളുണ്ട്. എങ്കിലും കഴിയുന്നത്ര അങ്ങനെ നിയമി ക്കാൻ പരിശ്രമിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. കുര്യൻ: പി.എസ്.സി. യിൽ അപേക്ഷ ക്ഷണിക്കുന്നത് സാധാരണ മലയാളം പത്രങ്ങളിൽകൂടിയാണ്. തമിഴ് ഭാഷ മാത്രം അറിയാവുന്ന ഹൈറേഞ്ച് പ്രദേശങ്ങളിലെ ആളുകൾക്ക് ഇതു മനസ്സിലാക്കുന്നതിനുവേണ്ടി ഇങ്ങനെയുള്ള പ്രസിദ്ധീകരണങ്ങൾ തമിഴ് പത്രങ്ങളിൽകൂടി പ്രസിദ്ധീകരിക്കുന്നതിന് വേണ്ട ഏർപ്പാട് ചെയ്യുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: കേരളത്തിൽ തമിഴ് പത്രം ഉണ്ടെന്നു തോന്നുന്നില്ല. അപ്പോൾ പിന്നെ തമിഴ് പത്രത്തിൽ പരസ്യം ചെയ്യുന്നത് ബുദ്ധിമുട്ടായിരിക്കും. കേരളത്തിനു പുറത്തുള്ള തമിഴ് പത്രങ്ങളിൽ പരസ്യം കൊടുത്താൽ അതുകൊണ്ട് പ്രയോജനമുണ്ടാകുമോ എന്നു അറിയുകയില്ല. അതുകൊണ്ട് ഈ ചോദ്യത്തിനു വ്യക്തമായ മറുപടി നൽകാൻ സാധിക്കുകയില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: തമിഴ് സംസാരിക്കുന്ന പ്രദേശങ്ങളിലെ ഏതെങ്കിലും ഒരു ആഫീസിൽ തമിഴ് അറിയാവുന്ന ഒരാളെയെങ്കിലും വയ്ക്കണമെന്ന വ്യവസ്ഥ മണ്ണാർക്കാട്, ചിറ്റൂർ പ്രദേശങ്ങളിൽ നടപ്പിലാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യം പരിശോധിക്കാം

വിചാരണ കഴിയാത്ത തടവുകാർ

*423 [444] ശ്രീ. വി. ഈച്ചരൻ:
ശ്രീ. ഇ. നാരായണൻ നായർ:
ശ്രീ. സേവ്യർ അറയ്ക്കൽ:
ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
ശ്രീ. എം. വി. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിചാരണ കഴിയാത്ത എത്ര തടവുകാർ ജയിലിൽ കഴിയുന്നുണ്ട്;

(ബി) ഒരു വർഷവും അതിൽ കൂടുതലും കാലം വിചാരണ കഴിയാതെ ജയിലിൽ കഴിയുന്ന തടവുകാർ എത്രയുണ്ട്;

(സി) വിചാരണ കഴിയാതെ ദീർഘകാലം ഇപ്രകാരം ആളുകൾ തടവുകാരായി കഴിയേണ്ടതായി വരുന്നതിനുള്ള കാരണങ്ങൾ എന്താണ്;

(ഡി) മൂന്നു വർഷത്തിൽ കൂടുതൽ വിചാരണ കഴിയാതെ തടവുകാരായി ജയിലിൽ കഴിയുന്നവരെ ജാമ്യത്തിനു വിട്ടയക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്):

(എ) 1.3.1979-ൽ 1018.

(ബി) 1.3.1979-ൽ 23.

(സി) പല കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾക്ക് ആ കേസുകളിലെല്ലാം കോടതിയുടെ അവസാന വിധിന്യായം ഉണ്ടാകുന്നതു വരെ ജയിലിൽ കഴിയേണ്ടി വരും.

(ഡി) ഇത് കേസുകൾ വിചാരണ ചെയ്യുന്ന കോടതികൾ തീരുമാനിക്കേണ്ട കാര്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly